**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡിന്റെ രണ്ടാംതരംഗം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ</td><td colspan="2">Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാംതരംഗത്തിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളായിരിക്കും അതിന് വഴിമരുന്നിടുകയെന്നറിയിക്കുമോ;</td><td>(എ)</td><td>ലോകമെമ്പാടും, കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട യൂറോപ്യൻ രാജ്യങ്ങളിലും മറ്റും കേസുകളുടെ എണ്ണം കുറഞ്ഞതിനു ശേഷം വീണ്ടും തരംഗങ്ങൾ ആയിട്ടാണ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് ശാസ്ത്ര രേഖകൾ സൂചിപ്പിക്കുന്നു. ഇന്ത്യാ മഹാരാജ്യത്തിൽ അൺലോക്ക് പ്രക്രിയ ആരംഭിച്ച് പല ഘട്ടങ്ങളിലായി പല മേഖലകളിലും ഉള്ള നിയന്ത്രണങ്ങളും മാറ്റിയ സാഹചര്യത്തിൽ കൃത്യമായ ജാഗ്രത പാലിച്ച് മുന്നോട്ടു പോയില്ലെങ്കിൽ കേരളത്തിലും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാധ്യത നിലവിൽ ഉണ്ട്. കോവിഡ് 19 രോഗവ്യാപനം തടയുന്നതിനു വേണ്ടി ലോകമെമ്പാടും രാഷ്ട്രങ്ങൾ അനുവർത്തിക്കുന്ന രോഗം സ്ഥിരീകരിക്കുന്നവരെ എത്രയുംവേഗം ഐസോലേറ്റ്ചെയ്ത് ചികിത്സിക്കുക. അവരുമായി സമ്പർക്കം വന്നവരെ എത്രയും പെട്ടെന്ന് കണ്ടെത്തി നിരീക്ഷണത്തിൽ നിർത്തുക, പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ എല്ലാം തന്നെ കേരളത്തിൽ നാളിതുവരെ നടപ്പിലാക്കി വന്നിട്ടുണ്ട്. അൺലോക്ക് പ്രക്രിയ മുഴുവനാകുന്ന സാഹചര്യത്തിൽ കൂടുതൽ ആളുകളിലേയ്ക്ക് രോഗം എത്തിപ്പെടാൻ സാധ്യതയുള്ളതിനാൽ സാമൂഹിക അകലം പാലിക്കൽ, മാസ്കുകളുടെ കൃത്യമായ ഉപയോഗം, സോപ്പ്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം എന്നിവ വഴി രോഗവർദ്ധനവ് തടയുക എന്നതാണ് ഏക മാർഗ്ഗം.</td></tr>
<tr><td>(ബി)</td><td>ജനസംഖ്യാനുപാതികമായി നോക്കിയാൽ ഏറ്റവും കൂടുതൽ ഭക്ഷണശാലകളുള്ള സംസ്ഥാനമായ കേരളത്തിൽ ഭക്ഷണശാലകളിലൂടെ കോവിഡ്</td><td>(ബി)</td><td>ഷോപ്പിംഗ് മാളുകളും, ഷോപ്പിംഗ് സെന്ററുകളും തുറക്കുന്നതിനോടനുബന്ധിച്ച് പ്രാവർത്തികമാക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ</td></tr>
</table>

| | | | |
|---|---|---|---|
| | വ്യാപനം ഉണ്ടാകാതിരിക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; | | കർശനമായി പാലിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. ഭക്ഷണശാലകളിലും covid appropriate behaviour പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിലേക്കായി ജില്ലകളിൽ സെക്ടറൽ മജിസ്ട്രേറ്റുമാരുടെയും, പോലീസിന്റെയും ഇടപെടൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. |
| (സി) | കഴിഞ്ഞ കുറച്ചു നാളുകളായി കോവിഡ് പ്രതിരോധ നിയന്ത്രണങ്ങൾ പാലിക്കുന്നതിൽ ജനങ്ങളുടെ ഭാഗത്ത് ലാഘവത്വം ദൃശ്യമായിട്ടുണ്ടോ; | (സി) | ലോക്ഡൗണിൽ ഇളവുകൾ വരുത്തിയതിനെ തുടർന്ന് ആളുകൾ കൂടുതലായി വീടുകളിൽ നിന്ന് പുറത്തിറങ്ങി സമയം ചെലവഴിക്കാൻ ശ്രമിക്കുന്നത് മൂലം ജനങ്ങളുടെ ഭാഗത്തു നിന്നും ജാഗ്രതക്കുറവ് ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായും പോലീസ് വകുപ്പിനു പുറമെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരിൽ സെക്ടറൽ മജിസ്ട്രേറ്റുമാരെ തെരഞ്ഞെടുത്ത് പ്രാദേശികാടിസ്ഥാനത്തിൽ നിയമിക്കുകയും കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കോവിഡ്ബാധ നിയന്ത്രിക്കുന്നതിന് വരും ദിവസങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | കോവിഡ് ബാധ റിപ്പോർട്ട് ചെയ്തതു മുതൽ അതീവ ജാഗ്രതയോടെ നടത്തി വരുന്ന എല്ലാ പ്രവർത്തനങ്ങളും തുടർന്നും നടത്തുന്നതാണ്. ജനിതകമാറ്റം സംഭവിച്ച വൈറസിന്റെ സാന്നിദ്ധ്യം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, UK-യിൽ നിന്നെത്തുന്ന എല്ലാ യാത്രക്കാരെയും നിർബന്ധമായും RTPCR പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും വേണ്ട സംവിധാനം ഒരുക്കിയിട്ടുണ്ട്. ലോക്ഡൗണിൽ കൂടുതൽ ഇളവുകൾ നൽകി സ്കൂളുകളും കോളേജുകളും, സിനിമാ തീയേറ്റർ, സ്വിമ്മിംഗ് പൂൾ എന്നിവ തുറക്കുന്നതിനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അനുമതി ലഭ്യമാക്കുന്ന സാഹചര്യത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കുകയും, അവ പാലിക്കപ്പെടുന്നുവെന്ന് കർശനമായി നിരീക്ഷിക്കുകയും ചെയ്യുന്നതാണ്. കോവിഡ് വാക്സിനേഷന്റെ ആദ്യ പടിയായി സംസ്ഥാന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് വാക്സിൻ നൽകുന്നതിന്റെ ഡ്രൈറൺ(മോക്ഡ്രിൽ) 2 ഘട്ടമായി നടത്തിക്കഴിഞ്ഞു. കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ടെസ്റ്റുകൾ ചെയ്യുന്നതിന് ജില്ലാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ജനസാന്ദ്രത അനുസരിച്ച് ടെസ്റ്റുകളുടെ എണ്ണം (target) നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പരിശോധനയും സമ്പർക്കത്തിലുള്ളവരുടെ നിരീക്ഷണവും ക്വാറന്റൈനും രോഗ-ലക്ഷണങ്ങളുള്ളവരുടെ നിരീക്ഷണവും, ക്വാറന്റൈനും രോഗ-ലക്ഷണങ്ങളുള്ളവരുടെ നിരീക്ഷണവും (influenza like illness/Severe acute respiratory illness) ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ